## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം :- ആ.വ.ഡ – ശ്രീമതി. ഷീല ബീവി. പി. ഐ (ജെ.പി.എച്ച്.എൻ. ഗ്രേഡ് – 1, താലൂക്ക് ആസ്ഥാന ആശുപത്രി, പീരുമേട്, ഇടുക്കി) ജെ. പി. എച്ച്. എൻ വിഭാഗം ജീവനക്കാരുടെ ഗ്രേഡ് -2, ഗ്രേഡ്-1 സീനിയോറിറ്റി ലിസ്റ്റിൽ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും റാങ്ക് പുനഃക്രമീകരിച്ച് ഉൾപ്പെടുത്തികൊണ്ടുള്ള ഉത്തരവ്-സംബന്ധിച്ച്

സൂചന :-
1. ഉത്തരവ് നമ്പർ. FW(Spl. Cell) 94660/06/DHS, Dated: 15.05.2007
2. 10/8/2009-ലെ എഫ്.ഡബ്ള്യൂ. സ്പെഷ്യൽ സെൽ 61647/07/ആ.വ.ഡ ഉത്തരവ്.
3. 06.12.2018 ലെ ഉത്തരവ് നമ്പർ. ഇ. എസ് 5-32284/2017/ആ.വ.ഡ
4. കത്ത് നമ്പർ. എ3-10935/2018/ജി.മെ.ഒ(ആ), ഇടുക്കി, തീയതി. 12.06.2019
5. ഈ ഓഫീസിലെ ഇതേ നമ്പർ നോട്ടീസ്, തീയതി. 10.07.2019

## ഉത്തരവ് നമ്പർ ഇ.എസ് 5/42521/2019/ആ.വ.ഡ തീയതി. 01/01/2020

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്ക് ആശുപത്രിയിൽ JPHN Gr. I ആയി ജോലി ചെയ്തുവരുന്ന ശ്രീമതി. ഷീലാബീവി. പി. ഐ ഉത്തരവ് നമ്പർ D6-635/81/KPSC, KKD തീയതി. 17.04.1993 പ്രകാരം 10.06.1993 ൽ കോഴിക്കോട് ജില്ലയിൽ JPHN Gr. II ആയി ജോലിയിൽ പ്രവേശിച്ച് തുടർന്നുവരവെ ഉത്തരവ് നമ്പർ. RI(4)99/89/Dated: 18/10/1993, KPSC TCR പ്രകാരം 01.12.1993 ൽ തൃശ്ശൂർ ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. തൃശ്ശൂർ ജില്ലയിൽ നിന്നും അന്തർജില്ലാ സ്ഥലംമാറ്റം നേടി ഇടുക്കി ജില്ലയിൽ 11.06.1996 ൽ ജോലിയിൽ പ്രവേശിച്ചു.

15.05.2007 ൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ. FW(Spl. Cell) 94660/06/DHS പ്രകാരമുള്ള 28.04.1975 മുതൽ 30.01.1994 വരെയുള്ള കാലയളവിലെ JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ടിയാൾക്ക് ആദ്യ പി. എസ്. സി നിയമനം ലഭിച്ച കോഴിക്കോട് പി. എസ്. സി നിയമന ഉത്തരവ് പ്രകാരം ടിയാളെ ഉൾപ്പെടുത്തി റാങ്ക് നമ്പർ. 3382 -)ം സ്ഥാനവും ഇതിനാനുപാതികമായി JPHN Gr. I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ. 3926 -)ം സ്ഥാനവും ലഭിച്ചു. പ്രസ്തുത JPHN Gr. II സീനിയോറിറ്റി പട്ടികയിലെ സ്ഥാനം കണക്കാക്കി 01.01.2000 തീയതിയിൽ പ്രമോഷൻ നിശ്ചയിച്ച് JPHN Gr. I ആയി പ്രമോഷനും നൽകപ്പെട്ടു.

മേൽ സൂചന 4 പ്രകാരമുള്ള ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേനയുള്ള ടിയാളുടെ അപേക്ഷയിന്മേൽ വിശദമായ പരിശോധന നടത്തിയതിൽ ടിയാളെ, JPHN Gr. II സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ക്രമമല്ലെന്നും തൃശ്ശൂർ ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിലേക്ക് 11.06.1996 ൽ അന്തർജില്ലാ സ്ഥലംമാറ്റം നേടിയ തീയതി കണക്കാക്കി 10.08.2009 ൽ പ്രസിദ്ധീകരിച്ച 21.01.1994 മുതൽ 31.12.2006 വരെയുള്ള കാലയളവിലെ JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിലാണ് ടിയാളെ ഉൾപ്പെടുത്തേണ്ടത് എന്ന് ബോധ്യപ്പെട്ടു.

ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ 15.05.2007 ൽ പ്രസിദ്ധീകരിച്ച JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിലെ റാങ്ക് നമ്പർ. 3382 ഉം ഇതിനാനുപാതികമായി JPHN Gr. I ലെ റാങ്ക് നമ്പർ 3926 ഉം റദ്ദ് ചെയ്ത് ഇതിനുപകരം 10.08.2009 ൽ പ്രസിദ്ധീകരിച്ച 21.01.1994 മുതൽ 31.12.2006 വരെയുള്ള JPHN Gr. II ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ 428 എ റാങ്ക് നമ്പർ സ്ഥാനവും 06.12.2018 ൽ പ്രസിദ്ധീകരിച്ച 06.05.2000 മുതൽ 31.07.2017 വരെയുള്ള JPHN Gr. I ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 320 എ സ്ഥാനവും നൽകി ടിയാളെ ഉൾപ്പെടുത്തി മേൽ സൂചന 5

GOVERNMENT OF KERALA

0456717

പ്രകാരം നോട്ടീസ് പുറപ്പെടുവിച്ച് ടി വിഷയത്തിന്മേൽ ആർക്കെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുവാൻ മതിയായ സാവകാശം നൽകിയിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ നാളിതുവരെ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ ശ്രീമതി. ഷീലാ ബീവി. പി. ഐ യെ സൂചന 1 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിലെ നിലവിലുള്ള സ്ഥാനം റദ്ദ് ചെയ്തും സൂചന 2, 3 പ്രകാരമുള്ള സീനിയോറിറ്റി പട്ടികകളിൽ താഴെ സൂചിപ്പിക്കും വിധം ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

| Sl. No | Name | Date of Birth | Qualification | Date of Joining | Date of assigning for Seniority | PSC Advice No, Date & Order No. | Existing Rank No. in seniority list Dt: 15.05.2007 | | Proposed Rank No. in | | Remarks |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | JPHN Gr.II | JPHN Gr.I | JPHN Gr.II Dt: 10.08.2009 | JPHN Gr.I Dt: 06.12.2018 | |
| 1 | Sheela Beevi. P. I | 2.3.1965 | SSLC/ ANM | 11.6.1996 | 11.06.1996 | RI(4)99/ 89, Dt: 18.10.93 /KPSC, TSR | 3382 | 3926 | 428(A) | 320(A) | |

ഒപ്പ്/-
ഡോ. സമീറ എ.
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ് :-
1. ജില്ലാ മെഡിക്കൽ ഓഫീസർ(ആ), ഇടുക്കി
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്/ശ്രീമതി. ഷീല ബീവി. പി. ഐ, JPHN Gr. I,
താലൂക്കാശുപത്രി, പീരുമേട്, ഇടുക്കി (ഉചിതമാർഗ്ഗേന)

പകർപ്പ്:- 1) സൂപ്രണ്ട്, FWA സെക്ഷൻ
2) ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്